ഇറയം റിസർച്ച് ജേർണൽ

Volume IV Issue 2

# നജ്വാൻ ദർവീഷ് കവിതകളിലെ പ്രകൃതിയും ഇടങ്ങളും;

# ദേശസങ്കൽപ്പനത്തെ മുൻനിർത്തിയുള്ള വായന

സുബിൻ .യു

നജ്വാൻ ദർവീഷ്

വിഭക്ത പലസ്തീനിലെ , ഐക്യരാഷ്ട്രസഭയ്ക്ക് കീഴിലുള്ള ജെറുസലേമിൽ 1978ലാണ് നജ്വാൻ ദർവീഷിൻ്റെ ജനനം. 'നത്തിങ് മോർ ടു ലൂസ് ' എന്ന കൃതി 2009 ലെ മികച്ച പുസ്തകമായും, കവിയെ മികച്ച 39 കവികളിൽ ഒരാളായും ഹെയ് സാഹിത്യോത്സവത്തിൽ വച്ച് തെരഞ്ഞെടുത്തു.ഇരുപതോളം ലോകഭാഷകളിലേക്ക് കവിതകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് .

പ്രകടമായ പ്രതിരോധ അറബി കവിതകളുടെ ഘട്ടത്തിന് ശേഷം വിലാപത്തിൻ്റേതായ ശബ്ദത്തിൽ നിന്ന് വ്യതിചലിച്ചാണ് നജ്വാൻ ദർവീഷിൻ്റെ കവിതകൾ സംവദിയ്ക്കുന്നത്. ഈ കവിതകളിലെ വക്താവ് പലസ്തീനിയനായി മാത്രമല്ല തുർക്കിയായും കുർദായും അർമേനിയനായും അറബിയായും ജൂതനായും ക്രിസ്ത്യാനിയായും സിറിയനായും പുരാതന ഈജിപ്തുകാരനായും ആഖ്യാനം നിർവ്വഹിക്കുന്നു. ചരിത്രം,മതം ,ദേശീയത എന്നിവയിലെ ഡയസ്പോറിക് ആയ ജനതയെ ഈ കവിതകൾ പ്രതിനിധാനം ചെയ്യുന്നുണ്ട്. 'നത്തിങ് മോർ ടു ലൂസ് ' എന്ന കൃതിയിലെ കവിതകൾ വ്യത്യസ്ത മാനങ്ങളിൽ വ്യാപരിക്കുന്ന തരം വൈവിദ്ധ്യവും ഭാഷയും പ്രകടിപ്പിക്കുന്നതാണ്.'സ്ലീപ്പിംഗ് ഇൻ ഗാസ ', 'ഫാബ്രിക്കേഷൻസ്' എന്നിവയാണ് നജ്വാൻ്റേതായി പ്രസിദ്ധീകരിക്കപ്പെട്ട മറ്റു പുസ്തകങ്ങൾ.

കവിതയുടെ ദേശം, എഴുതുന്ന കവിയുടെ ദേശമോ കവിതയിൽ പരാമർശിതമാവുന്ന ഭൂപ്രദേശമോ ആണ് എന്ന കേവലധാരണയ്ക്ക് അപ്പുറത്താണ് കവിത മുന്നോട്ട് വെക്കുന്ന പ്രകൃതി അഥവാ 'അനുഭൂതിദേശം' എന്ന

സങ്കൽപ്പനം.ഒരേ കവിയുടെ പല കവിതകളിൽ പല അനുഭൂതി ദേശങ്ങൾ പ്രകടമായി കണ്ടേക്കാം. എങ്കിലും അതിനുണ്ടായേക്കാവുന്ന തുടർച്ച ഒരു എഴുത്തുകാരൻ്റെ കാവ്യദേശത്തെ സംബന്ധിച്ച് ഒരു ധാരണയ്ക്ക് വഴിവെയ്ക്കുന്നു. കവിയുടെ ആന്തരിക ലോകത്തോടാണ് ഈ സ്ഥലാനുഭവത്തിന് കടപ്പാടുള്ളത്.കവി സ്വാംശീകരിച്ച ബാഹ്യലോകം സംസ്കരിക്കപ്പെട്ട് കവിതക്ക് പശ്ചാത്തലമോ കവിത തന്നെയോ ആയിത്തീരുന്നു.അതിനാൽ തന്നെ ഈ രീതിയിലുള്ള കവിതാപഠനത്തിൽ മനഃശാസ്ത്രപരമായ വായനകൾക്കു കൂടി ഇട നൽകേണ്ടതുണ്ട്. നജ്വാൻ ദർവീഷിൻ്റെ കവിതകളെ മുൻനിർത്തി ഇത്തരം ദേശസംബന്ധിയായ ആലോചനകൾ സമകാലീന കവിതയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നോക്കാം.

മരുഭൂമി,കടൽ,മരുഭൂമിയും കടലും ചേരുന്നിടം, വെള്ളമുള്ള കിണറിൻ്റെ ദേശം, വെള്ളമില്ലാത്ത കിണറുകൾക്ക് ചുറ്റുമുള്ള വരണ്ട ദേശം, നദികൾ,മഴക്കാടുകൾ, മഞ്ഞ് പെയ്യുന്നിടങ്ങൾ ഇങ്ങനെ പലതരത്തിലുള്ള ദേശങ്ങൾ ഓരോ കവിതകൾക്കുമുണ്ട്. ഒരു പക്ഷേ ഇത് പ്രകടമായ ഒരു വിശദീകരണം കൊണ്ട് അടയാളപ്പെടുന്ന ഒന്നായിക്കൊള്ളണമെന്നില്ല. വാക്കുകളുടെ വരൾച്ചയിൽ നിന്ന് മരുഭൂമിയെന്നും വരികളിലെ ഉർവ്വരതയിൽ നിന്ന് നദീതടമെന്നും ചതുപ്പെന്നും വായിക്കാവുന്ന തരം അടയാളങ്ങൾ ഒരു കവിത ബാക്കി നിർത്തുന്നു. ചിലപ്പോൾ പ്രകൃതി ശിഥിലമാകാം .ഭൂപ്രകൃതിയെ നിരാകരിച്ച് സ്പേസിൽ നിന്നുള്ള ആഖ്യാനം പോലും നജ്വാൻ ദർവീഷിൻ്റെ കവിതകളിൽ കാണാനാവുന്നുണ്ട്. "ആലോചിക്കാനേ വയ്യ " എന്ന കവിത അത്തരത്തിലൊന്നാണ്

-ആലോചിക്കാനേ വയ്യ/

മൂലക്കടിഞ്ഞ ഗ്രഹങ്ങളിൽ നിന്ന്/തമോഗർത്തം ഭൂമിയെ വിഴുങ്ങി /നമ്മളോ കിളികളോ ബാക്കിയായില്ല/ഒരു രാജ്യവും അധിനിവേശക്കാരും ബാക്കിയായില്ല/ഒരഗ്നിജ്വാലയ്ക്ക് പിറന്ന കരിക്കട്ടയായി സൂര്യൻ/ചരിത്രവും തീർന്നിരുന്നു / ഈ കഥ പറയാനും ആരും അവശേഷിച്ചില്ല /മനുഷ്യവംശത്തിന്റെയും ഭൂമിയുടെയും ഭയാന്ത്യം കണ്ട് /

അന്തിച്ചു നിൽക്കാനും ആരുമില്ല/എനിക്ക് അതെല്ലാം മനസ്സിൽ കാണാനാകുന്നുണ്ട് /

അതിന് കീഴ്പ്പെട്ടു പോകുന്നുണ്ട് /ഒരുപക്ഷെ അത് കവിതകൾ കൂടി അവസാനിച്ച സമയമാണെന്നു മാത്രം/ആലോചിക്കാനേ വയ്യ

അറബ് കവിതകളിൽ പൊതുവെ പഠനവിധേയമാക്കുന്ന പ്രത്യക്ഷ രാഷ്ട്രീയ സംഘർഷങ്ങളുടെ വേരുകൾ, ഇത്തരം അടയാളങ്ങളിലൂടെ ഒരു ശാന്തമായ കവിതയിൽ നിന്നുകൂടി കണ്ടെടുക്കാവുന്ന തരം വായനയുടെ സാധ്യതയാണ് ഈ 'അനുഭൂതി ദേശ'വായനയിൽ ആരായുന്നത്. ചരിത്രത്തെ കുറിച്ചുള്ള ഒരു ദുരന്ത സ്മരണയെ ഒരു കെട്ടിടത്തിൻ്റെ ചടുലമായ തകർച്ച പോലെ നജ് വാൻ ഒരു കവിതയിൽ ഓർത്തെടുക്കുന്നുണ്ട് .

-ജറുസലേം എവിടെയോ കാണാതാകുന്നു /

നൃത്തം നിർത്താതെ തുടരുന്നു/

ചരിത്രമതിന്റെ ശുണ്ടക്കം കത്തി വീണ്/

എല്ലാം തവിടുപൊടിയാകുമ്പൊഴും

നൃത്തം തുടരുന്നു /(നൃത്തമിതാ)

അത് തീർത്തും തലമുറകളിലൂടെയുള്ള ഓർമ്മയുടെ കൈമാറ്റം കൊണ്ട് കവിക്ക് ലഭിക്കുന്നതും പിന്നീട് കവിതയിലേക്ക് കടന്നു വരുന്നതുമായ പശ്ചാത്തലചിത്രമാണ്. ഈ കവിതയിൽ ജറുസലേം എന്ന നജ്വാൻ്റെ മാതൃനഗരം തന്നെയാണ് വരുന്നത്. ഒരു നൃത്തത്തിൻ്റെ ചടുലതയിലും ഈണത്തിലും താളത്തിലും ജെറുസലേം എവിടെയോ കാണാതാകുന്നു . ജെറുസലേമിൻ്റെ സ്ഥലം എന്ന വ്യക്തിത്വം വസ്തുനിഷ്ഠമായല്ല ഇവിടെ പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ തന്നെ അത് ആശ്രയം ,സംരക്ഷണം എന്ന നിലക്കെല്ലാമുള്ള ദേശത്തിൻറെ ധർമ്മമാണ് കവിതയിൽ നിർവഹിക്കുന്നത്. കലയിലൂടെ ഈ ആശ്രയനഷ്ടം വിസ്മരിക്കാനുള്ള ശ്രമമാണ് ഇവിടെ. ബാലചന്ദ്രൻ ചുള്ളിക്കാടിൻ്റെ ഗസലിൽ ദുഃഖങ്ങളുടെയും ദാരിദ്ര്യത്തിൻ്റെയും അല്പ മറവിക്ക് ഗുലാം അലിയുടെ പുതുവർഷ ഗസൽ സഹായിക്കുന്നതു പോലെ ഇവിടെ നൃത്തം, താളം, സംഗീതം എന്നിവയെല്ലാം ഈ ഉറവിട നഷ്ടത്തിൻ്റെ അല്പമറവിക്ക് ഇടനൽകുന്നു.

ഇൻറർനെറ്റിൻ്റെ സാധ്യതകൾ പഴയതിൽ നിന്ന് വിഭിന്നമായ ഒരാഗോള പ്രകൃതിയെ ഉരുവപ്പെടുത്തുമ്പോൾകവിയുടെ ദേശം എന്ന സങ്കൽപ്പത്തെ മറ്റൊരു തരത്തിലും പ്രശ്നവൽക്കരിക്കേണ്ടിയിരിക്കുന്നു. പ്രത്യക്ഷമായി തന്നെ ഒറ്റ ദേശത്തിൻ്റെ കാവൽക്കാരനോ ഉൽപ്പന്നമോ അല്ല പുതിയ കവി.അതിനാൽ തന്നെ മഹ്മൂദ് ദർവീഷ് ഉൾപ്പെട്ട മുൻ തലമുറ കവികളിൽ നിന്ന് ദേശീയത എന്ന ആശയം നജ്വാൻ ദർവീഷിലേയ്ക്ക് എത്തുമ്പോഴേക്കും മറ്റൊരു ഗതിയിലേക്ക് വരുന്നുണ്ട്.പല ദേശങ്ങളെ ഇണക്കുന്ന ഒരു തരം ആഗോള ദേശചിന്ത കവിത ഉപയോഗിച്ച് തുടങ്ങുന്നു.'ദൂര'ങ്ങളെയോ 'ദിക്കു'കളെയോ അടിസ്ഥാനമാക്കി നിർണയിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി രാഷ്ട്രീയത്തിൻ്റെയും പരിതസ്ഥിതികളുടെയും പേരിൽ ഇടങ്ങളെ ലോകം പരിചയപ്പെട്ടു തുടങ്ങിയത് ഇൻ്റർനെറ്റിൻ്റെ സഹായത്തോടെയാണ്.കവിതയും ഈ ദൂരത്തേയും സങ്കുചിത ദേശീയതയേയും നിരാകരിക്കുന്നു.

സ്വദേശം എന്ന വ്യക്ത്യനുഭവം പല ദേശകാലങ്ങളുടെ സങ്കരസൃഷ്ടി കൂടിയാക്കുന്നുണ്ട് ഇൻ്റർനെറ്റിൻ്റെ വെർച്വൽ ഭൂമിക.

കവിത മാറ്റങ്ങളെ അതിവേഗത്തിൽ സ്വാംശീകരിക്കുന്ന മാധ്യമം എന്ന നിലയ്ക്ക് ഈ വ്യതിയാനത്തിൻ്റെ പ്രതിഫലനം എളുപ്പത്തിൽ മനസിലാക്കാനാവുന്നതാണ്.കവിയെ സ്വാധീനിക്കുന്ന ബാഹ്യ ദേശം തന്നെ ഒരു സങ്കൽപ്പമായിത്തീരുമ്പോൾ അനുഭവ ലോകം പല തലങ്ങളിൽ വികസിക്കുകയും കവിയിലെ ആന്തരികദേശവും കവിതയുടെ അനുഭൂതി ദേശവും ഇതിനോടൊത്ത് പുതുക്കപ്പെടുകയും ചെയ്യുന്നു. ഒരു രാജ്യത്ത് ഒരു സാഹിത്യ പ്രവണതയോ പ്രസ്ഥാനമോ സവിശേഷമായി വളരുന്ന സാഹചര്യം ഇന്നില്ല. ഓരോ കവിയും ഓരോ ഭാഷയും ഓരോ കവിതയും ഓരോ പ്രസ്ഥാനവും ഓരോ കാവ്യാനുഭൂതിയും ഓരോ ദേശവും സൃഷ്ടിക്കുന്ന തന്മയാണ് സമകാല ലോക കവിത പൊതുവായി അവകാശപ്പെടുന്നത്.

അസ്ഥിരമായ ഇടങ്ങളെപ്പറ്റിയുള്ള ആവലാതികൾ സൈബർ സ്പേസിൽ നിരന്തരം പ്രത്യക്ഷപ്പെടുന്നതു പോലെ ഒരു കവി അനുഭൂതിപരമായ ദേശസ്വത്വങ്ങളെ കവിതകളിൽ മാറ്റിക്കൊണ്ടേയിരിക്കാം. അത് ബോധപൂർവ്വമല്ല. അതിവേഗമുള്ള സംഭവങ്ങളുടെ പോക്ക് ഇതിന് കാരണമാണ്. ചില കവികളിൽ ഇത് മാറ്റമില്ലാതെ ആവർത്തിക്കുന്നതും കാണാം.

മറ്റൊരു തലത്തിൽ അൽപം കൂടി വിശാലമായി ഈ സങ്കൽപ്പത്തെ കാണുകയാണെങ്കിൽ ഒരു കവിയിൽ ആവർത്തിക്കുന്ന ഘടകങ്ങളെ -മരണം, യാത്ര, പൂക്കൾ തുടങ്ങിയവയെ- ദേശങ്ങളായി ,അനുഭൂതി ദേശങ്ങളായി കാണാം. അത് പ്രത്യക്ഷമായ ഇടമെന്ന സങ്കൽപ്പത്തെ നിരാകരിക്കുന്നതും സൈബർ സ്പേസ് അഥവാ വെർച്വൽ സ്പേസ് എന്ന ആരോപിത ഇടത്തിന് ചേരുന്നതുമാണ്. മതം നിർണയിച്ചിരുന്ന അറബി കവിതയിൽ നിന്ന് സൈബറിടത്തിലെ ആർക്കും നിർണയാവകാശമില്ലാത്ത പുതുകവിതയിലേക്കുള്ള മാറ്റം നജ്വാൻ്റെ കവിതകളിൽ പ്രധാനവുമാണ്.താരതമ്യേന അറബി കവിതയിലെ പുതിയ കണ്ണിയായ നജ്വാൻ ദർവീഷിനെ അത്തരത്തിൽക്കൂടി മനസ്സിലാക്കേണ്ടതുണ്ട്

## സ്ഥലം ഒരു ഉറവിട പ്രതീകം എന്ന നിലയിൽ

നജ്വാൻ ദർവീഷിൻ്റെ ചില കവിതകൾ പ്രത്യക്ഷമായിത്തന്നെ വരച്ചിടുന്ന ഭൂമിശാസ്ത്ര ദൃശ്യങ്ങളെയും സ്ഥലങ്ങളെയും പരിശോധിക്കുമ്പോൾ അവയ്ക്ക് പലസ്തീനിൻ്റേതുമാത്രമായ പ്രകൃതിഛായയ്ക്ക് അപ്പുറം ഒരു സാർവ്വഭൗമ പ്രതീതി ഉണ്ട് .ജറുസലേമിനെക്കുറിച്ച് എടുത്തു പറയുമ്പോൾ പോലും ഇത് സാധ്യമാകുന്നുണ്ട് എന്നതാണ് ഈ കവിയുടെ കാഴ്ചയുടെ വ്യാപ്തി നിർണയിക്കുന്നത് ."എവിടെ പോകുമ്പോഴും ഞാൻ എൻറെ പ്രവാസത്തെ കൂടെ കൊണ്ടുപോകുന്നു" എന്ന മഹ്മൂദ് ദർവീഷിൻ്റെ വാക്കുകൾ മറ്റൊരു തരത്തിൽ ഈ കവിതകളും ഉൾപ്പേറുന്നത് കാണാം

രാജ്യത്തെയും ദേശത്തെയും മരത്തോടും വേരിനോടും സാദൃശ്യപ്പെടുത്തി പുരോഗമിക്കുന്ന ഒരു

കവിതയാണ് 'ഒഴുകാതിരിക്കുന്നില്ല'. ഒരു മരത്തിൻറെ മൃദു വേരുകൾ / ഒഴുകുന്നൊരു പുഴയാണ്/ ഒഴുക്കു വറ്റുമ്പോളാ മരം മരിച്ചുപോകുന്നു / പ്രകൃതിയുടെ ഒഴുക്കിനെ ദേശജീവിതവുമായി കൂട്ടിക്കെട്ടുകയാണ് ഈ കവിത.ജലത്തെ സംബന്ധിച്ച താണ് ഈ കവിത മുന്നോട്ട് വെയ്ക്കുന്ന പ്രധാന ചിത്രങ്ങളിലൊന്ന്. അബോധത്തിൽ നിന്നുയിർക്കുന്ന ജല കാമന അസ്തിത്വം ആയി വായിക്കപ്പെടുന്നു. തരിശിടങ്ങളിൽ വസിക്കുന്നവന് ജലം അവൻ്റെ വേരാകുന്ന അബോധതലം ഈ കവിതയിൽ അനാവൃതമാകുന്നുണ്ട്.

എന്നെപ്പോലെ എൻറെ നാടിൻറെ വേരും ജലമായിരുന്നു /ഒഴുക്ക് നിർത്തിയാലത് ഉണങ്ങുന്നു ;മരിക്കുന്നു / ഒരു ജൈവപ്രതിഭാസമായി ജന്മദേശത്തെ കാണുന്ന കവിയിൽ മാതൃ-പിതൃ ബോധങ്ങളായി അത് മാറുന്നു. ഒരുപക്ഷേ ദേശത്തിൻ്റെ വൈകാരികമൂല്യം പ്രാദേശിക -മൗലികവാദത്തിനപ്പുറം ആത്മബോധമായി വരച്ചിടുന്നതാണ് നാടിൻ്റെയും തൻ്റെയും വേര് പുഴയാകുന്ന കാവ്യദൃശ്യം. ഭ്രഷ്ടനാകാൻ പോലും ഒരു രാജ്യം ഇല്ലാത്തവനാകുമ്പോഴും തിരിച്ചുപോകാൻ ഒരു നാടില്ലാതിരിക്കുമ്പോഴും അടിയൊഴുക്ക് തീർന്നാൽ മരണമായി കരുതുന്ന മനുഷ്യൻ്റെ സാങ്കല്പിക ഉറവിടമോഹത്തെ പൂരിപ്പിക്കുന്നുണ്ട് ഇവിടെ. പ്രകടമായി ഇടങ്ങൾ ഇല്ലാതെയാകുമ്പോഴും 'പിതാക്കളുടെ വ്രണങ്ങളിൽ നിന്നുയിർക്കുന്ന സൂര്യവെളിച്ചത്തിൻ്റെ പുഴയായി തങ്ങളൊഴുകുന്നുണ്ട് 'എന്ന് ഒരു ജനത വിശ്വസിക്കുന്നു. മനുഷ്യമനസ്സിലെ സ്വരാജ്യവും പ്രകൃതിയും പ്രത്യക്ഷമായി അപരമാകുമ്പോഴും ആത്മാവിൽ ഒരു ദേശവും പുഴയും വെയിലും വൃക്ഷങ്ങളും രാജ്യത്തിൻ്റെ ഒരു പുതിയ പതിപ്പ് സൃഷ്ടിച്ച് നിർവൃതിപ്പെടുന്നു. ഇവിടെ അനുഭൂതി ദേശങ്ങൾ നഷ്ടബോധവും ഉറവിടവുമാണ്.

ഇംഗ്ലീഷ് ദ്വീപ് വിട്ട് ഓടുന്ന ഒരുവൻ്റെയും അവൻ്റെ കൂട്ടത്തിൻ്റെയും കഥയാണ് 'ഓടെടാ...' എന്ന കവിത പങ്കുവെക്കുന്നത്

- ഓടെടാ...!
പുറകിൽ നിന്നുമൊരാട്ടല് :
ഓടെടാ ഈ ഇംഗ്ലീഷു ദ്വീപ് വിട്ട്
ഒന്നുമെടുക്കരുത് നിന്റെ പാച്ചിലിൽ
നിന്റെ പഴയ റേഡിയോയും
ഒരു ചായ ഗ്ലാസ്സും
പട്ടുമാനത്തിനെതിരെ തലകുർത്ത്
അതിരിലങ്ങനെ നിൽക്കുന്ന
പൂമരങ്ങളുമല്ലാതെ

തുരുത്തിനകത്ത് ബഹളം

അറിയുന്ന തൊള്ളകൾ

അറിയാത്ത ഒച്ചകൾ

ഒരുമിച്ച് പറയുന്നു:ഓടെടാ... ഓടെടാ....

നീയാ ചിലമ്പിച്ച ട്രെയിനിന്റെ,

തുരുമ്പിച്ച ബസ്സിന്റെ

പുറകിലെ കോണിയിൽ

തൂങ്ങീട്ട് പായെടാ....

ഈ തുരുത്തിന്റെ രാജ്യം

എന്നും പുലർച്ചയ്ക്കേ പണികളിൽ മുഴുകുന്നു.

ഇവിടെ,

തറവാട്ടിന്റെയൊക്കെയും ചുമരില്

മുതലാളിത്തം

ഒരു അച്ഛാച്ചനെപ്പോലെ ചിരിച്ചിരിക്കുന്നു

നീ ഈ തുരുത്ത് വിട്ടേ ഓടിപ്പോകെടാ.....

നിന്റെ പുറകില് ജനലുകൾ മാത്രം

കാണുന്നതൊക്കെയും ജനലഴിയിലൂടെ

പകലു മുഴുവനും ജനലുകൾ

രാത്രിയും ജനലുകൾ

ഇവിടെ,

പന്തം കൊളുത്തി നിൽക്കുന്ന വേദന

കണ്ണീപ്പെടാത്തൊരു പടം

ചുമ്മാ ചൊറിഞ്ഞിരിക്കുന്ന നീറ്റല്

കാട്ടുതീ ഫ്രെയിം ചെയ്ത പോലെയും

വീണ്ടും നീ കേൾക്ക് ഈ ഒച്ച:

ഓടെടാ ഉള്ളതെടുത്ത് !

ഇവിടുത്തെ ഭാഷയിലെ നാട്ടുകാർ വരെ
ഓടിക്കഴിഞ്ഞിരിക്കുന്നു
അവരുടെ സ്വപ്നത്തിൽ നിന്നും,
വട്ടച്ചൊറിപ്പാട്ടു പോലത്തെ
കോളനികളിൽ നിന്നും

ചത്ത എഴുത്തുകാരന്റെ
മരവിച്ച ഒപ്പു പോലെയായി
എല്ലാം
അവയെല്ലാം
എന്തിൽ നിന്നാണ്
ഓടിപ്പോയതെന്നു പോലും
മറക്കപ്പെട്ടിരിക്കുന്നുവല്ലോ...
പേടിച്ച്,
ഇപ്പോൾ ചിലർ
നഗരം മുറിച്ച് പോവുകയാണ്
ആ ഭീരുക്കളെല്ലാം
ഒരുമിച്ച് കൈപിടിച്ച് തേങ്ങുകയാണ്

ഓടെടാ ഒന്നിച്ച്..... ഓടെടാ ഒന്നിച്ച് -

ഇവിടെ 'ഇംഗ്ലീഷ് ദ്വീപ് ' ജന്മദേശത്തിൻ്റെ തന്നെ ആധുനിക നാമമാണ്. 'ഒഴുകാതിരിക്കുന്നില്ല' എന്ന കവിതയിലെ പോലെ തന്നെ ജന്മദേശം മറ്റൊന്നാകുന്ന സങ്കീർണാവസ്ഥയാണ് ഈ കവിത പങ്കുവെക്കുന്നത് എങ്കിലും സൂക്ഷ്മമായി എൻ്റെ, നിൻ്റെ എന്ന മുതലാളിയുടെയും അടിമയുടെയും അവകാശങ്ങളുടെ വിഭജനം കാണാം. വസ്തുക്കളുടെയും സ്ഥലങ്ങളുടെയും വിഭജനം ഇവിടെ പ്രധാനമാണ് . പഴയ ചായ ഗ്ലാസ്സും റേഡിയോയും അതിരിൽ പട്ടുമാനത്തിനെതിരെ തല കൂർത്ത് നിൽക്കുന്ന പൂമരങ്ങളും മാത്രമാണ്

ഓടിപ്പോകുന്നവന് തൻ്റെ ജന്മ ദേശത്തുനിന്ന് ,പുതിയ ഇംഗ്ലീഷ് ദ്വീപിൽ നിന്ന് എടുക്കാൻ അവകാശമുള്ളത്. സ്ഥലങ്ങളുടെ നാമം പുതുക്കുന്നത് തന്നെ അവയുടെ വ്യക്തിത്വത്തെ മറ്റൊന്നാക്കിയാണ്. ആദ്യമേയുള്ള സ്ഥലനാമം എന്ന സങ്കൽപം അപ്രസക്തമാണ്. താരതമ്യേന പഴയ സ്ഥലനാമങ്ങൾ പ്രകൃതിയുമായും പുതിയവ അധികാരത്തിൻ്റെ അടയാളങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാം.

ഈ തുരുത്തിൽ ഓരോ തറവാട്ടിലും ചുമരിൽ മുതലാളിത്തം ഒരു അപ്പൂപ്പനെ പോലെ ചിരിച്ചിരിക്കുന്നു. പൈതൃകം എന്ന സങ്കല്പത്തിൻ്റെ പുരുഷകേന്ദ്രിത മാനം ഒഴിവാക്കി വായിക്കുമ്പോഴും അതിലടങ്ങിയിരിക്കുന്ന 'അടിസ്ഥാനം ' എന്ന സങ്കല്പം 'ഉറവിടം' എന്ന ആത്മബോധമായി ഓരോ മനുഷ്യനിലും നിലകൊള്ളുന്നു .അത് ദേശസംബന്ധിയുമാകുന്നു .അതിനാൽ തന്നെ പിതൃക്കളുടെ സ്ഥാനം പോലും മുതലാളിത്തം കയ്യേറുകയെന്നതിൽ 'ഉറവിടം' എന്ന സാങ്കല്പിക സുരക്ഷയുടെ ഉന്മൂലനാശമാണ് പ്രകടമാകുന്നത്.

ഫ്രെയിം ചെയ്ത കാട്ടുതീയെ പറ്റി ഒരു വന്യഭാവന കവി അവതരിപ്പിക്കുന്നു." പന്തം കൊളുത്തി നിൽക്കുന്ന വേദന "എന്ന പരാമർശവും പ്രസക്തമാണ് .അത് മുൻചൊന്ന ഉറവിടസംസ്കാരത്തിൻ്റെ ആദിമ പൊരുത്തത്തിലേക്കും പ്രകാശത്തിലേക്കും വിരൽചൂണ്ടുന്നു.സാമ്രാജ്യത്വം പതിയെ മുതലാളിത്തമായ അവസ്ഥയാണ് ഇതിൻ്റെ രാഷ്ട്രീയ പശ്ചാത്തലം. നാട്ടുകാരനെ അന്യനാക്കുകയും നിർബന്ധിത പരാജയത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഈ അവസ്ഥ ദേശത്തിൻറെ ഉടമയെ സംബന്ധിച്ച ബോധത്തിൻ്റെ സംഘർഷമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം സൃഷ്ടിക്കുന്ന വിഭജനങ്ങളാണതിൻ്റെ അടിവേരുകൾ. നജ് വാൻ്റെ രചനകളിൽ, ലോകത്തെ ഓരോ ജനതയിലും ഇരുപതാം നൂറ്റാണ്ടോടു കൂടി സൃഷ്ടിക്കപ്പെട്ട സമൂലമായ മാറ്റങ്ങളുണ്ട്. അവയുടെ ആന്തരികപ്രകൃതി മിക്കവാറും സംഘർഷാവസ്ഥയിൽ ആണെന്ന് കാണാം. ശാന്തമായ ഒരു അനുഭൂതിദേശം മിക്കവാറും ഈ കവിതകളിൽ ഇല്ല തന്നെ . ഇത് കവിയുടെ ബാഹ്യ -ആന്തരിക- അനുഭൂതി ദേശങ്ങൾ തമ്മിൽ അകലം പാലിക്കുമ്പോഴും പുലർത്തുന്ന ബന്ധത്തെ സൂചിപ്പിക്കുന്നു.വട്ടച്ചോറി പാട് പോലത്തെ കോളനികളിൽ നിന്നും ഭാഷയിൽ നിന്നും സ്വപ്നത്തിൽ നിന്നുമാണ് തദ്ദേശീയർ ഈ കവിതയിൽ ആട്ടിയോടിക്കപ്പെടുന്നത്. അമൂർത്തമായ ഈ ദൃശ്യം പക്ഷെ ഒരു മൂർത്ത ചിത്രത്തിൻ്റേതായ മൂർച്ച പ്രദാനം ചെയ്യുന്നത് അവ വരച്ചിടുന്ന ഇടങ്ങളുടെ വൈകാരികാംശം കൊണ്ടുകൂടിയാണ്. സ്ഥലങ്ങൾ വാസ്തവത്തിൽ വികാരങ്ങളുടെ പ്രതിനിധാനങ്ങൾ ആവുകയാണ് .പലായനം ആത്മദേശത്തു നിന്നുള്ള പുറത്താക്കലും.

ഭയം ദേശമാകുന്ന അനുഭവമാണ് കാവ്യോത്സവത്തിൽ എന്ന കവിത .ഇതിൽ കവി തന്നെയാണ് ആഖ്യാതാവ്.

" കവികൾ ഓരോരുത്തരുടെയും മുന്നിൽ

രാജ്യനാമം കൊത്തിയ പലകകൾ

ജെറുസലേം എന്നാണ് എൻറെ പേരിനൊപ്പം "

എന്നു തുടങ്ങുന്ന കവിത രാജ്യത്തെ പരാമർശിക്കുന്നത് നാമമാത്രമായ ഒരു സംഗതിയായാണ്. രാജ്യത്തിൻ്റെ പ്രതിനിധാനം മാത്രമായ നെയിംബോർഡ് ആണ് ഇവിടെ രാജ്യം .രാഷ്ട്രം എന്ന യാഥാസ്ഥിതിക സങ്കൽപ്പത്തിൻ്റെ മൗലികതയെ ചോദ്യം ചെയ്യുന്ന ഈ കവിത. ലോകത്തെ കവികൾ ഒരുമിച്ച് ചേരുമ്പോൾ അവർ ഓരോരുത്തരും ഓരോ രാജ്യത്തിൻ്റെ കവികൾ ആയി മാറുകയാണ് മറിച്ച് കവികളുടെ ഒരു കൂട്ടമായി മാറുകയല്ല .അടുത്തതായി കവി വെളിപ്പെടുത്തുന്നത് - എൻ്റെ കുഞ്ഞു രാജ്യമേ / നിൻ്റെ പേര് എത്ര വലുതായി എന്നെ ഭയപ്പെടുത്തുന്നു /എന്നാണ് .രാജ്യനാമം ഒരു അഭയമല്ല കവിക്ക്;ഭയസ്വരൂപമാണ്. ഒരു താൽക്കാലിക വസതി പോലെ അസ്ഥിരമാണ് രാജ്യം എന്ന അനുഭവം ഇവിടെ. ഒരു തോണിയിൽ എന്ന പോലെയാണ് തൻ്റെ നിലനിൽപ്പ് എന്ന കവിചിന്ത വേരുറപ്പില്ലാതെ വളരേണ്ടി വരുന്ന ജീവിതത്തിൻ്റെ അരക്ഷിതാവസ്ഥ വെളിവാക്കുന്നു.

ഈ കവിത നൽകുന്ന ചിത്രം ശിഥിലീകരിക്കപ്പെട്ട ദേശസ്വത്വത്തിൻ്റേതാണ്. ജനിച്ചു വളരുമ്പോഴും തന്നിൽ അന്യഥാബോധം നിറയ്ക്കുന്ന ഒരു മാതൃദേശത്തോടുള്ള അകൽച്ചയും അടുപ്പവും ആകർഷണ വികർഷണങ്ങളായി ഒരേ സമയം വർത്തിക്കുന്നതിലെ അസന്ദിഗ്ധതയുണ്ടിവിടെ.

"എൻ്റെ കുഞ്ഞു രാജ്യമേ " എന്ന വിളിയിലെ ആ അടുപ്പവും "എത്ര വലുതായി എന്നെ ഭയപ്പെടുത്തുന്നു" എന്ന പ്രസ്താവനയിലെ ആ ഭീതിയും കവി നിബന്ധിച്ചിരിക്കുന്നത് ഒരേ വരിയിലാണ്. 'ഭയം ഒരു രാജ്യമാണ്' എന്ന ദ്രുപത് ഗൗതത്തിൻ്റെ മലയാളകവിത, ഭയത്തിൻ്റെ ദേശവൽക്കരണം നടത്തുന്ന ഈ കവിതയുടെ മലയാള പതിപ്പാകുന്നു.

പർവ്വതങ്ങളും താഴ്വരകളും കടലും സമതലങ്ങളും എല്ലാം കടന്നു വരുന്ന, വിശാലമായ പശ്ചാത്തലം പ്രത്യക്ഷമായി തന്നെ വരുന്ന കവിതയാണ് 'കെട്ടിപ്പിടുത്തം '. പർവതത്തെയും കടലിനെയും സ്നേഹിക്കുന്ന മരിച്ചു കഴിഞ്ഞ ഒരു കാമുകനാണ് കവിതയിൽ ആഖ്യാന സ്ഥാനത്ത്. ആലിംഗനം കൊണ്ട് വേദനയും മരണവും ഏറ്റുവാങ്ങുന്ന കാമുകൻ പർവ്വതത്തെ കെട്ടിപ്പിടിച്ചു കൈകൾ നഷ്ടപ്പെടുത്തുകയും കടലിനെ സ്നേഹിച്ചതു കൊണ്ട് മുങ്ങി മരിക്കുകയും ചെയ്യുന്നു. സ്നേഹം കൊണ്ട് പ്രകൃതിയെ ഇണക്കുകയാണ് കവിത. ശുഭകരമല്ലാത്ത ഇരുണ്ട ഛായയാണ് കവിതയ്ക്കുള്ളത്. ജഡം വീണ്ടും ആലിംഗത്തിന് ശ്രമിക്കുന്ന കവിതയുടെ

അവസാനത്തിൽ വിശാലമായ എന്തിനെയോ പുൽകാനുള്ള മനുഷ്യൻ്റെ വാഞ്ഛയെ തുറന്നിടുന്നു.കടൽ വിശാലതയുടെയും അനന്തതയുടെയും ദൃശ്യമാണ്. പർവ്വതം ഉയർച്ചയാണ്. സമതലങ്ങളും താഴ്വരകളും എന്തിൻ്റെയും വലിയ അർത്ഥത്തിലുള്ള പ്രതിനിധാനമാണ്.പ്രേമാനുഭൂതി തന്നെയാണ് ഇവിടെ പ്രതിനിധീകരിക്കപ്പെടുന്നത്. അസ്വസ്ഥമായ സ്നേഹമാണ് ഈ കവിതയുടെ ദേശം എന്ന് പറയാം. ഇവിടെ ലോകത്തിലെ ഏതു പ്രകൃതിയും വരാമെന്ന് പർവതവും കടലും എന്ന രണ്ട് സാർവ്വജനീന പശ്ചാത്തലങ്ങൾ സൂചിപ്പിക്കുന്നു. അക്കണക്കിന് ഈ കവിതയുടെ ആന്തരിക ദേശം വിശാലാർത്ഥത്തിൽ ഭൂമി തന്നെയും അനുഭൂതി ദേശം അരക്ഷിതവും അശാമ്യവും ആയ പ്രേമവും ആയി മാറുന്നു. കവിതയിലെ പ്രകൃതി ഇവിടെ ജൈവഭൂമിയുടെ ലഘുപതിപ്പായി നിലകൊള്ളുന്നു.

നജ്വാൻ ദർവീഷിൻ്റെ കവിതകൾ പല ദേശങ്ങളെ അടയാളപ്പെടുത്തുമ്പോഴും നഷ്ടദേശസ്മൃതി പ്രകടമായി കാണാനാവുന്നുണ്ട്. അത് ഒഴിവാക്കാനാവുന്നതുമല്ല.പൂമരങ്ങൾ പോലും വേരോടെ പുഴക്കി പലായനം ചെയ്യേണ്ടി വരുന്ന ഒരു ജനതയുടെ ദൃശ്യം, അവരുടെ വസന്തം വരെ മണ്ണിനെ അവിശ്വസിക്കേണ്ടി വരുന്ന തരം അരക്ഷിത പ്രകൃതി എന്നിവയെല്ലാം കവിതകളിൽ ആവർത്തിക്കുന്നുണ്ട്.

സാഹിത്യത്തിൽ ദേശം പലതരത്തിൽ പഠനവിഷയമായിട്ടുള്ളതാണ് .കവിതയ്ക്ക് അതിൻ്റെ കാലത്തെയോ ദേശത്തെയോ കൊഴിച്ചുകളയുക എക്കാലവും അസാധ്യവുമാണ്. പ്രദേശങ്ങളുടെ അടയാളങ്ങൾ കൂടിയാണ് കവിത. സാർവ്വദേശീയത എന്ന സങ്കൽപം പോലും കവിതയിൽ അതുൾക്കൊള്ളുന്ന ഇടത്തെ വിഗണിച്ചുകൊണ്ടുള്ളതല്ല. ലാറ്റിനമേരിക്കയുടെ സ്പന്ദങ്ങളായ നെരൂദയുടെ കൃതികൾ ആഗോളമായി വായിക്കപ്പെടുന്നതിന് ഒരു കാരണം ജനതയും ദേശവും തമ്മിലുള്ള ഗാഢബന്ധം കവിതയിലും സൂക്ഷിക്കുന്നതുകൊണ്ടും മറ്റേതൊരു ഭാഷാസമൂഹത്തിലും അത് സർഗ്ഗപരമായി സാധ്യത തേടുന്നതു കൊണ്ടുമാണ്. അറബി കവിതകളിലും ഏറെക്കാലമായി ഇത്തരം ദേശിയായ അതിനാൽ ത്തന്നെ സാർവ്വദേശീയമായ കവിതകൾ ഉണ്ടാകുന്നുണ്ട്. മനുഷ്യാവകാശലംഘനങ്ങളുടെ പരമ്പര കൊണ്ട് ഉണർന്ന ,ആലസ്യം തീരെ ഇല്ലാത്ത സാഹിത്യവും കവിതയുമാണ് അറബിയിൽ നിന്നും സമീപകാലത്ത് ഉണ്ടാകുന്നത്. ആ കവിതകൾ തദ്ദേശീയമായി അവയുടെ സർഗ്ഗപരത വെളിപ്പെടുത്തിയപ്പോൾ തന്നെ ആഗോളമായി ശ്രദ്ധിക്കപ്പെട്ടു . കവിത പ്രകടമായി അടയാളപ്പെടുത്തുന്ന ദേശത്തെപ്പറ്റി പഠിക്കുന്നതിലെ ആവർത്തനം സമകാല കവിതാപഠനങ്ങൾക്കുണ്ട്.അതുകൊണ്ട് അനുഭൂതി പരമായിക്കൂടിയുള്ള ദേശവായനയിലെ

ജൈവികതയാണ് ഈ വായനയുടെ ഉദ്ദേശ്യം.

ഗ്രന്ഥസൂചി

1. അമാനുല്ല വടക്കാങ്ങര, 1994 : അറബി സാഹിത്യ ചരിത്രം, സർഗ പബ്ലിക്കേഷൻസ്, കുന്നംകുളം

2. മുഹമ്മദ് ,കെ എം ,പ്രൊഫ.,2012 : അറബി സാഹിത്യത്തിന് കേരളത്തിൻ്റെ സംഭാവന, അഷ്റഫി ബുക് സെൻ്റർ, തിരൂരങ്ങാടി

3. മുഹമ്മദ് കുഞ്ഞി, പി കെ, 2001 : അറബി ഭാഷയും സാഹിത്യവും, ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്

4. വീരാൻ കുട്ടി, 2019 : ലോക കവിത - കവിതാ വിവർത്തനങ്ങൾ, ഐ പി ബി ബുക്സ്, കോഴിക്കോട്

5. സയ്യിദ് ഇഹ്തിശാം അഹ്മദ് നദ്വി, ഡോ, (വിവ: മുഹമ്മദ് നിലമ്പൂർ ), 1987: ആധുനിക അറബി കവിതകൾ, ഓംനി ബുക്സ്,കോഴിക്കോട്

6. റാൽഫ് ഷൂമാൻ, (വിവ: കുഞ്ഞാമു ,എ പി ) 2000 : സയണിസം ഒളിച്ചു വെച്ച ചരിത്രം, അദർ ബുക്സ്, കോഴിക്കോട്

ഓൺലൈൻ റഫറൻസ്

1. navamalayali.com

   നവമലയാളി - പുതുകവിതയുടെ രസതന്ത്രം, വിശാഖ് ശങ്കർ

2. Puthukavitha.blogspot.com

   ബ്ലോഗ് സ്പോട്ട് - കെ.സച്ചിദാനന്ദനുമായി എസ്.രമേശൻ നടത്തിയ അഭിമുഖം